**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1000** **06-10-2021 - ൽ മറുപടിയ്ക്ക്**

**ശംഖുമുഖം, വേളി തീരങ്ങളിലെ കടലാക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ശംഖുമുഖം, വേളി തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കേരള തീരത്ത് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണവും കടൽകയറ്റവും തീരത്ത് വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. രൂക്ഷമായ കടലാക്രമണം നേരിടുന്നതായി കണ്ടെത്തിയിട്ടുള്ള സംസ്ഥാനത്തെ 10ഹോട്ട്സ്പോട്ടുകളിൽ തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖവും ഉൾപ്പെടുന്നു. പ്രസ്തുത സ്ഥലങ്ങളിൽ National Centre for Coastal Research (NCCR), ചെന്നൈ എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ തീരത്തിന്റെ ഘടനയ്ക്ക് അനുയോജ്യമായ രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വേളി തീരപ്രദേശത്ത് വേളിപ്പൊഴിക്ക് വടക്ക് ഭാഗത്തായി കഴിഞ്ഞ കുറച്ചുവർഷങ്ങളായി കടൽക്ഷോഭം അനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശത്ത് ഏകദേശം ഒരു കിലോമീറ്റർ ഭാഗത്ത് പുതിയതായി കടൽഭിത്തി നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് ടി പ്രദേശത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കഴക്കൂട്ടം, ശ്രീകാര്യം, ഉള്ളൂർ മേഖലകളിൽ സീവേജ് സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം നഗരസഭ പരിധിയിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മേജർ സീവറേജ് പദ്ധതികളിൽ കഴക്കൂട്ടം, ശ്രീകാര്യം, ഉള്ളൂർ ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | പാരമ്പര്യ ജലസ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി എന്താണെന്ന് വിശദമാക്കാമോ? | (സി) | നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും പുതിയ കുളങ്ങളുടെ നിർമ്മാണവും MI class - I ഹരിതകേരളം, MI class - 2 ഹരിതകേരളം Renovation of Tanks and Ponds (Haritha Keralam) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നിർവഹിച്ചുവരുന്നുണ്ട്. തിരുവനന്തപുരം നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | നഗരസഭാ ആസ്തിയിലുള്ള കുളങ്ങൾ നവീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ